# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 258

06.10.2016 -ൽ മറുപടിക്ക്

## ഓഷ്യാനിക് ആന്റ് മറൈൻ പാർക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റോജി.എം.ജോൺ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കൊച്ചിയിൽ ഓഷ്യാനിക് ആന്റ് മറൈൻ പാർക്ക് സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. എറണാകുളത്ത് പുതുവൈപ്പിൽ ഓഷ്യനേറിയം ആന്റ് മറൈൻ ബയോളജിക്കൽ റിസർച്ച് സെന്റർ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫിർമ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യടൂറിസം വികസനവും സമുദ്ര ശാസ്ത്ര ഗവേഷണവും ലക്ഷ്യമിട്ട് കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണിത്. |
| (ബി) | ഇതിനായി ആഗോള യോഗ്യതാ പത്രം ക്ഷണിച്ചിട്ടുണ്ടോ; ഏതൊക്കെ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ മുന്നോട്ട് വന്നിട്ടുള്ളത്; | (ബി) | ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി ഫിർമ ആഗോള യോഗ്യതാ പത്രം ക്ഷണിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പാർക്ക് സ്ഥാപിക്കുമ്പോൾ കണ്ടൽ കാട്ടുകൾക്ക് നാശം സംഭവിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു? | (സി) | നശിക്കപ്പെടുന്ന കണ്ടൽക്കാട്ടുകൾക്ക് പകരമായി കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്താൻ ഉദ്ദേശിക്കുന്നു. കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്തുന്നതിനായി എറണാകുളം കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ വളന്തക്കാട് എന്ന സ്ഥലത്ത് ഏകദേശം 40 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതിനാവശ്യമായ റിപ്പോർട്ടുകൾ എറണാകുളം ജില്ലാ കളക്ടർ ലാന്റ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. 15 ഏക്കറോളം സ്ഥലത്ത് കണ്ടൽക്കാട്ടുകൾ വച്ചുപിടിപ്പിക്കുന്നതിന് അനുവാദം നൽകാൻ റവന്യൂ വകുപ്പ് ലാന്റ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം എത്രയും വേഗം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ